**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2215.** **05.05.2017 ന് മറുപടിയ്ക്ക്**

**ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എ.എൻ.ഷംസീർ<br>,, ബി.സത്യൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | വിദ്യാർത്ഥികളിലെ ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. സ്കൂൾ/കോളേജ് കാമ്പസുകളുടെ 100 വാര പരിധിയ്ക്കുള്ളിൽ "കോട്പാ" നിയമപ്രകാരം പുകയില ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'യ്ക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ/കോളേജുകളിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ 2542 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പേരോ മറ്റ് വിവരങ്ങളോ |
| (സി) | വിദ്യാർത്ഥികളിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന് സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വില്പന/ ഉപയോഗത്തിനെതിരെയുള്ള പരാതിയും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതി പ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. 2014-15, 2015-16, 2016-17 എന്നീ അദ്ധ്യയനവർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതി യിലെ വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ലഹരിവിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ആശയങ്ങ ളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുമായി സഹകരിച്ച് പ്രവർത്തി ക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മികച്ച ലഹരി വിരുദ്ധ ക്ലബ്ബ് അംഗം, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച മാഗസിൻ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് കാഷ് അവാർഡും പ്രശസ്തി പത്രവും നൽകി വരുന്നു. |
| (ഡി) | എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ ഏന്തൊക്കയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | മദ്യത്തിനും മയക്കുമരുന്നിനും പുകയില ഉല്പന്നങ്ങൾക്കുമെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ലഹരി വസ്തുക്കളുടെ ലഭ്യത ഇല്ലാതാക്കുക, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളുണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദുശീലത്തിൽ നിന്നും പിൻതിരി പ്പിക്കുക, ലഹരി വസ്തുക്കൾക്ക് അടിമകളായവരെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തി അവരെ ബോധവൽക്കരണത്തിലൂടെ മോചിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക, ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക മുതലായ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ ലഹരി വസ്തുക്കളുടെ ഉപഭോഗത്തിൽ നിന്നും പൂർണ്ണമായും പിൻതിരിപ്പിക്കുക എന്നിവയാണ് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ. |

**സെക്ഷൻ ഓഫീസർ**